# പെരിന്തൽമണ്ണ നഗരസഭ
# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

email:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എം.പി.എം.21/178/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: 10/02/17

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

പെരിന്തൽമണ്ണ നഗരസഭ

സർ,

വിഷയം : പെരിന്തൽമണ്ണ നഗരസഭ - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ. (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്. (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.21/178/17

തീയതി:10/02/17

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 26.5.2016 മുതൽ 8.1.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. V.K ഷാജി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.1.2017 മുതൽ 25.1.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷീബ. Z | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.അബ്ദുൽ ജലീൽ. ടി.പി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സന്തോഷ്.പി.ടി | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീ. മൂസ്സ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അമീൻ ഫൈസൽ. ടി.ടി | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.നിഷിഅനിൽരാജ് | 01.04.2015മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.2015 മുതൽ 17.11.2015 വരെ |
| ചെയർമാൻ | ശ്രീ.എം. മുഹമ്മദ് സലീം | 18.11.2015 മുതൽ 31.3..2016 വരെ |
| സെക്രട്ടറി | ശ്രീ.നടരാജ്. സി. അസിസ്റ്റന്റ് എഞ്ചിനിയർ (ഇൻ ചാർജ്) | 01.04.2015മുതൽ 24.05.2015വരെ |
| | ശ്രീ.എ.എസ്. സൂഭഗൻ | 25.5.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ശ്രീ.സി.നടരാജ് | 01.04.2015മുതൽ 31.1.2016 വരെ |
| | ശ്രീ. ആർ പ്രസന്നകുമാർ | 1.2.2016 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മാരിയത്ത്കിബ്ത്തിയ്യ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. മനോജ്.സി.ജെ | 1.4.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷീജ. എം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സൈറാബായ്.കെ.ജെ | 01.04.2015 മുതൽ 1.07.2015 വരെ |
| | ഡോ. ഇ.എസ്.സോണിയ | 2.07.2015 മുതൽ 18.12.2015 വരെ |
| | ഡോ. ഫയാസ് റഹ്മാൻ | 19.12.2015മുതൽ 6.02.2016 FN വരെ |
| | ഡോ. സെയ്ത് മുഹമ്മദ് സലീം | 6.2.2016ANമുതൽ 31.3.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. പ്രേമാനന്ദ്.സി.എം | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ജില്ലാ ആശുപത്രി സൂപ്രണ്ട്) | ഡോ. എ.ഷാജി | 01.04.2015 മുതൽ 31.03.2016 വരെ |
| കുടുംബശ്രീ പ്രൊജക്റ്റ് ഓഫീസർ | ശ്രീ. മൻസൂർ കാരാട്ടുചാലി | 1.04.2015 മുതൽ 5.05.2015 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.മേഴ്സി.എം.ബി | 01.04.2015 മുതൽ 31.03.2016 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. സുനിൽ.എ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ:ജസീല | 01.04.2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പാൾ | ശ്രീ. പി.അനിൽ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | ഓഡിറ്റ് ഇംപാക്റ്റ്; ബിൽഡിംഗ് ഫീ ഇനത്തിൽ 2,51,100/- രൂപ അടവാക്കി | 2-1 |
| 13 | ഡിസംബർ ഫെസ്റ്റ് 2015- ക്രമ വിരുദ്ധമായി വിനോദ നികുതിയിൽ നിന്നും ഒഴിവ് നൽകി. | 2-2 |
| 14 | നിശ്ചിത നിരക്കിൽ വസ്തു നികുതി ഈടാക്കിയില്ല; 3285/- രൂപ നഷ്ടം. | 2-3 |
| 15 | മൊബൈൽ ടവറുകൾ വസ്തു നികുതി അടവാക്കുന്നില്ല; വൻ തുകയുടെ വരുമാന നഷ്ടം. | 2-4 |
| 16 | വേക്കൻസി റെമിഷൻ; ഫീൽഡ് പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. | 2-5 |
| 17 | സിനിമ പ്രദർശനം – വിനോദ നികുതി – അവലോകനം | 2-6 |
| 18 | വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല. നഗരസഭക്ക് 19450 രൂപ | 2-7 |
| 19 | തൊഴിൽ നികുതി പിരിവ് അപാകതകൾ | 2-8 |

| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
|---|---|---|
| 20 | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. നഗരസഭയുടെ 4.79 കോടി രൂപ ലാപ്സായി | 3-1 |
| 21 | ഭവന നിർമ്മാണ പദ്ധതിക്കായി ആനുകൂല്യം കൈപറ്റി- വീട് പണി പൂർത്തീകരിച്ചില്ല | 3-2 |
| 22 | ആശ്രയ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല- രണ്ടാം ഘട്ട പദ്ധതി നടപ്പാക്കിയില്ല | 3-3 |
| 23 | വിദ്യാദീപം പദ്ധതി പ്രൊജക്ടിന് വിരുദ്ധമായി ചെയലവ് ചെയ്തു | 3-4 |
| 24 | കുമാരി സൗഹൃദ ചതുരം- പ്രൊജക്ടിന് വിരുദ്ധമായും നടപടി ക്രമങ്ങൾ പാലിക്കാതെയും തുക ചെലവ് ചെയ്തു | 3-5 |
| 25 | THRS ഭക്ഷ്യ മിശ്രിതം- ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല.. | 3-6 |
| 26 | ഭവന പുനരുദ്ധാരണം- കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-7 |
| 27 | വിദ്യാഭ്യാസ പ്രൊജക്ടുകൾ- ആനുകൂല്യം കൂടുതലും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്ററായ സ്കൂളിന് | 3-8 |
| 28 | രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു | 3-9 |
| 29 | സംയോജിത പാർപ്പിട നിർമ്മാണ ചേരി വികസന പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 3-10 |
| 30 | ഐ.കെ.എം ന് വിഹിതം അടവാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-11 |
| 31 | കൊതുക് നിർമ്മാർജ്ജന പദ്ധതി- രേഖകൾ ലഭ്യമാക്കിയില്ല | 3-12 |
| 32 | പ്രൊജക്ട് രൂപീകരിക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നത് ക്രമ വിരുദ്ധം | 3-13 |
| 33 | ഹൈടെക്സ് ഷോപ്പിംഗ് കോംപ്ലക്സിൽ ഫയർ പ്രൊട്ടക്ഷൻ സിസ്റ്റം പ്രവർത്തനക്ഷമമായില്ല. | 3-14 |

| | | |
|---|---|---|
| 34 | മൺപണി; കട്ട് എർത്ത് ഉപയോഗിച്ചില്ല. ഷ്രിങ്കേജ് കുറവ് ചെയ്തില്ല. നഷ്ടം 17819 രൂപ | 3-15 |
| 35 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം78338/-രൂപ | 3-16 |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണ വിവരം ലഭ്യമല്ല | 3-17 |
| 37 | പണിസ്ഥലത്ത് നിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോച്ചില്ല/ലേലം ചെയ്തില്ല. | 3-18 |
| 38 | ആശ്രയ പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം-പൊതു വിതരണ സംവിധാന വില നിലവാരം താരതമ്മ്യം ചെയ്യുന്നില്ല | 3-19 |
| 39 | കിഴങ്ങത്തോൾ കുടിവെള്ള പദ്ധതി വിപുലീകരണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-20 |
| ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 41 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 49 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 8.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 28.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16.1.2017 മുതൽ 17.1.2017 വരെ | KSAMPM 21/178 /17/10.2.2017 |

വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1 ഓരോ മാസവും പത്താം തീയതിക്കകം മുൻമാസത്തെ രസീത് ആന്റ് പേയ്മെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

2 ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3 ബജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല.

4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

5 പാർട്ട് ബിൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തിക്ക് പണം നൽകിയിട്ടുണ്ട്.എന്നാൽ ആയത് പൂർത്തിയായ മുറയ്ക്ക് ആസ്തിയാക്കി മാറ്റിയിട്ടില്ല.

6 വസ്തുനികുതി ഡിമാന്റ് ,കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

7 തൊഴിൽ നികുതി,ഡിആന്റ് ഒ ലൈസൻസ്,ബിൽഡിംഗ് പെർമിറ്റ് ഡിമാന്റ് രജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 917117632 |
| വരവ് | 201840057 |
| ആകെ | 1118957689 |
| ചെലവ് | 225665116 |
| നീക്കിയിരിപ്പ് | 893292573 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3816125 | 16049428 | 35424406 | 55289959 | 32710637 | 22579322 | 59.12 |
| വികസനഫണ്ട് എസ്.സി.പി. | 5385604 | (-)2444188 | 16470188 | 19411604 | 12462352 | 6949252 | 64.2 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1746125 | 0 | 9553000 | 11299125 | 10875995 | 423130 | 96.26 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3136857 | 0 | 8213000 | 11349857 | 9698729 | 1651128 | 85.45 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1922200 | (-) 12881138 | 41772671 | 30813733 | 14605116 | 16208617 | 47.4 |
| പെർഫോമൻസ് ഗ്രാന്റ് | 6989099 | (-) 724102 | 724102 | 6989099 | 6933301 | 55798 | 99.2 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1070082 | 0 | 3077294 | 4147376 | 1262829 | 2884547 | 30.44 |
| ബി ഫണ്ട് | 0 | 0 | 22270260 | 22270260 | 22270260 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 106462916 | 198 | 88911315 | - | 15 | 83.51 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 21.94ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 49596352 | 58410603 | 8814251 | (+)17.77% |
| നികുതിയേതര വരവുകൾ | 5704837 | 9024329 | 3319492 | (+)58.19% |
| ആകെ | 55301189 | 67434932 | 12133743 | 21.94% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77160 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 4410600 | 542 |
| വിധവാപെൻഷൻ | 1662400 | 1620 |
| വാർദ്ധക്യകാലപെൻഷൻ | 10372200 | 1590 |
| വികലാംഗപെൻഷൻ | 4047900 | 415 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1308800 | 139 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.1.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 82903രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് യോഗങ്ങൾ ഇടക്കിടെ ചേരുകയും ഓഫീസിന്റെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ ചർച്ച

ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നുണ്ട്. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി ഓഫീസ് ഉത്തരവുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ചില തീരുമാനങ്ങളൊന്നും പൂർണ്ണമായും നടപ്പിൽ വരുത്താനായിട്ടില്ല.
ഉദാ:19.12.2014,21.1.2015തീയ്യതികളിലെ ഓഫീസ് ഉത്തരവുകളിൽ ജനവരി 2015 മുതൽ എല്ലാ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും മുഴുവൻ സെക്ഷനുകളിലും ആയത് സൂക്ഷിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ TR7Aമോഡലിൽ കാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും പ്രൊജക്റ്റ് രജിസ്റ്റർ സബ്സിഡിയറി രജിസ്റ്റർ എന്നിവ മിക്ക നിർവ്വഹണ ഉദ്യോഗസ്ഥരും സൂക്ഷിക്കുന്നില്ല.

ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചതാണെങ്കിലും ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ആനുകൂല്യങ്ങൾ എന്ന പ്രൊജക്റ്റ് പ്രകാരമുള്ള ധനസഹായം ഡി.ഡി മുഖേന നൽകിയിരിക്കുന്നു.

അനുവദനീയമായതിലും അധികരിച്ചുള്ള FAR ന് നിയമാനുസൃതം ഈടാക്കേണ്ട ഫീസ് ഈടാക്കാതിരുന്നത് വഴി നഗരസഭക്ക് 2.51 ലക്ഷം രൂപ നഷ്ടമായത് ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഉടമസ്ഥർ നഗരസഭയിലേക്ക് മേൽ തുക അടവാക്കുകയുണ്ടായി. ഇത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടാതെ പോയത് ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.7.2014 മുതൽ 2.8.2014 വരെ | 2012-13 മുതൽ 2013-14 | 7.8.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2013 മുതൽ 7.12.2013 വരെ | 2008-09 മുതൽ 2012-13 | 31.1.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റ് ഇംപാക്റ്റ്; ബിൽഡിംഗ് ഫീ ഇനത്തിൽ 2,51,100/- രൂപ അടവാക്കി.

പെർമിറ്റ് ഫീ ഈടാക്കിയതിലെ അപാകതകൾ കാണിച്ച്കൊണ്ട് ഓഡിറ്റ് നൽകിയ കുറിപ്പിനെ തുടർന്ന് 2,51,100/- രൂപ അടവാക്കി. ശ്രീ. വി.കെ മുഹമ്മദ് റഷീദ് & ശ്രീ. വി.കെ മുഹമ്മദ് അഷ്റഫ്, വി.കെ ഹോം, എടയൂർ, വളാഞ്ചേരി എന്നിവർക്ക് BA/16/2014-15/ 27.10.2016 നമ്പർ പെർമിറ്റ് നൽകിയതിലാണ് അപാകത കണ്ടെത്തിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1999-ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ ചട്ടം 31(2)-ii പ്രകാരം, 0.5 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള പ്ലോട്ടുകളിൽ ഒന്നിലധികം ഒക്യുപൻസികൾ അടങ്ങിയ ബിൽഡിംഗ്/ ബിൽഡിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുമ്പോൾ, ബന്ധപ്പെട്ട ഒക്യുപൻസികൾക്ക് ബാധകമായ ഫ്ലോർ

ഏരിയ റേഷ്യകളുടെ (FAR- പട്ടിക II) വെയ്റ്റഡ് ആവറേജ് മൊത്തം ബിൽഡിംഗ്/ ബിൽഡിംഗ് കോംപ്ലക്സിനും ബാധകമായിരിക്കണമെന്ന് നിഷ്കർശിച്ചിട്ടുണ്ട്. കൂടാതെ വെയ്റ്റഡ് ആവറേജ് ഫ്ലോർ ഏരിയ റേഷ്യവിൽ അധികരിക്കുന്ന നിർമ്മാണത്തിന് ചട്ടം 31(2)-ലെ പട്ടിക IIപ്രകാരമുള്ള അധിക ഫീസും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പെർമിറ്റ് നൽകിയപ്പോൾ ഇത്തരത്തിലുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

മുനിസിപ്പൽ എൻജിനിയർ, ചീഫ് ടൗൺ പ്ലാനർ എന്നിവർ അംഗീകരിച്ച പ്ലാൻ/ ലേ ഔട്ട് (റിവൈസ്ഡ്) പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| Site Area | : 5535.49 $M^2$ |
| Total Plinth Area of Commercial (F) | : 18707.34 $M^2$ |
| Area deduction for FAR | : 6405.77 $M^2$ |
| Commercial Area for FAR | : 12301.57 $M^2$ (18707.34- 6405.77) |
| Total Plinth Area of Assembly (D) | : 1184.12 $M^2$ |
| Area deduction for FAR | : 36 $M^2$ |
| Assembly Area for FAR | : 1148.12 $M^2$ (1184.12- 36) |
| Total Plinth Area of Building | : 19891.46 $M^2$ |
| Area deduction for FAR | : 6441.77 $M^2$ |
| Building Area for FAR | : 13449.69 $M^2$ (19891.46-6441.77) |

WEIGHTED AVERAGE.

| Occupancy | FAR Floor Area ($M^2$) | Permissible FAR without Additional Fee | Permissible WEIGHTED FAR without Additional Fee | Permissible FAR with Additional Fee (@3000/$M^2$) | Permissible WEIGHTED FAR with Additional Fee (@3000/$M^2$) |
|---|---|---|---|---|---|
| Commercial(F) | 12301.57 | 2.5 | 2.2866 | 4 | 3.6585 |
| Assembly (D) | 1148.12 | 1.5 | 0.1280 | 2.5 | 0.2134 |
| Total | 13449.69 | -- | 2.4146 | -- | 3.8719 |

ബിൽഡിംഗ്/ ബിൽഡിംഗ് കോംപ്ലക്സിന്റെ Weighted Average FAR : 2.4146

അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന പരമാവധി Floor Area : 13365.99 $M^2$

ബിൽഡിംഗ്/ ബിൽഡിംഗ് കോംപ്ലക്സിന്റെ Floor Area : 13449.69 $M^2$

അധിക ഫീസ് ഈടാക്കേണ്ട വിസ്തീർണം : 83.7 $M^2$

അധിക ഫീസ് ഈടാക്കേണ്ട തുക (@3000/ $M^2$) : 2,51,100/-

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 5/ 13.01.2017, 5-A/ 19.01.2017) 2,51,100/- രൂപ അടവാക്കി. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അടവാക്കിയ തുക | രസീതി നമ്പർ | തിയ്യതി |
|---|---|---|
| 2,51,100 | 01/11601500649 | 21.01.2017 |

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുന്നതിനും, മുനിസിപ്പൽ ഫണ്ടിനുണ്ടാവുന്ന നഷ്ടം ഒഴിവാക്കുന്നതിനും മേൽനോട്ട സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## **2-2** ഡിസംബർ ഫെസ്റ്റ് **2015-** ക്രമ വിരുദ്ധമായി വിനോദ നികുതിയിൽ നിന്നും ഒഴിവ് നൽകി.

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റവെലിനോട് അനുബന്ധിച്ച് മാധ്യമം ദിനപത്രം GKSF-മായി സഹകരിച്ച് പെരിന്തൽമണ്ണ വില്ലേജിലെ സർവ്വേ നമ്പർ 18/8- ൽപ്പെട്ട സ്ഥലത്ത് (ഉടമസ്ഥൻ: ശ്രീ. വേണുഗോപാലൻ) ഡിസംബർ ഫെസ്റ്റ് 2015 -എന്ന പേരിൽ 18.12.2015 മുതൽ 27.12.2015വരെ വ്യാപാര മേള നടത്തിയിട്ടുണ്ട്. മേളയോട് അനുബന്ധിച്ച് കൈത്തറി- കരകൗശല വസ്തുക്കളുടെ പ്രദർശനവും വിൽപ്പനയും, എല്ലാ ദിവസവും കലാപരിപാടികളും നടത്തിയിട്ടുണ്ട്. 50/- പ്രവേശന ഫീസ് ഈടാക്കിയാണ് വ്യാപാര മേള നടത്തിയിട്ടുള്ളത്. ടി മേളയുടെ വിനോദ നികുതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മാധ്യമം ദിനപത്രം റസിഡന്റ് മാനേജറുടെ അപേക്ഷ പ്രകാരം, നഗരസഭാ കൗൺസിലിന്റെ 17.12.2015- ലെ 25-ാം നമ്പർ തീരുമാന പ്രകാരം "നഗരസഭയുടെ സ്വാന്തനം പദ്ധതിക്ക് 1 ലക്ഷം രൂപ നൽകിയ സാഹചര്യത്തിലും, ഒരു സർക്കാർ പരിപാടി എന്ന നിലക്കും" വിനോദ നികുതി ഒഴിവാക്കി നൽകുന്നതിനും, ആയതിന് സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനും തീരുമാനിച്ചു. വിനോദ നികുതി ഒഴിവാക്കി നൽകിയതിന് സാധൂകരണം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് 18.12.2015-ലെ R4-20947/2015 നമ്പർ കത്ത് പ്രകാരം സർക്കാറിലേക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെ (16.01.2017) ആയതിന്മേൽ സർക്കാർ തീരുമാനം ലഭിച്ചിട്ടില്ല.

അപാകതകൾ.

1. The Kerala Local Authorities Entertainments Tax Act, 1961- സെക്ഷൻ 7A(3)- പ്രകാരം സർക്കാറിന്റെ മുൻകൂർ അനുമതിയോട് കൂടിമാത്രമേ നഗരസഭക്ക് വിനോദ നികുതി ഒഴിവാക്കി നൽകാൻ അധികാരമുള്ളൂ. ആയതിനാൽ നഗരസഭാ കൗൺസിലിന്റെ 17.12.2015- ലെ 25-ാം നമ്പർ തീരുമാന പ്രകാരം നികുതി ഒഴിവ് നൽകിയത് ക്രമ പ്രകാരമല്ല.
2. മാധ്യമം ദിനപത്രം റസിഡന്റ് മാനേജർ 18.12.2015-ൽ സെക്രട്ടറിയുമായി ചമച്ച കരാർ പ്രകാരം വിനോദ നികുതി ഒഴിവാക്കി നൽകുന്നതിന് സർക്കാറിൽ നിന്നും അനുമതി ലഭിക്കാത്തപക്ഷം വിനോദ നികുതി ഇനത്തിൽ 50,000/- രൂപ അടവാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവേശന ഫീസിന്റെ അടിസ്ഥാനത്തിലല്ലാതെ നിശ്ചിത തുക വിനോദ നികുതി ഇനത്തിൽ അടവാക്കുമെന്ന് കരാറിലെ വ്യവസ്ഥ ക്രമ പ്രകാരമല്ല.

വിനോദ നികുതി ഇനത്തിലെ നഷ്ടം.

17.01.2017-ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം മൊത്തം 18750 (50* 375 ബുക്കുകൾ) ടിക്കറ്റുകൾ സീൽ ചെയ്തിട്ടുണ്ട്. വിനോദ നികുതി ഈടാക്കാത്തത് മൂലം ഓരോ ടിക്കറ്റിനും 8.33/- രൂപ (20%) നിരക്കിൽ മൊത്തം 1,56,188/- രൂപയുടെ (8.33*18750) നഷ്ടം നഗരസഭ ഫണ്ടിന് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

വിനോദ നികുതി ഒഴിവാക്കി നൽകുന്നതിന് നഗരസഭ കൗൺസിലിന് അധികാരമില്ല. കൂടാതെ വിനോദ നികുതി ഒഴിവാക്കി നൽകിയ നഗരസഭ കൗൺസിൽ തീരുമാനത്തിന് നാളിതുവരെ സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുകയും ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ നഗരസഭ ഫണ്ടിന് ഉണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 നിശ്ചിത നിരക്കിൽ വസ്തു നികുതി ഈടാക്കിയില്ല; 3285/- രൂപ നഷ്ടം.

നഗരസഭയുടെ പുനർ വിജ്ഞാപന പ്രകാരം 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, കടമുറികൾ, ഗോഡൗണുകൾ എന്നിവക്ക് ച. മീറ്ററിന് 90/- രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ശ്രീ. അസ്കർ, പട്ടാണി വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള XV/13/03നമ്പർ കെട്ടിടത്തിന്ന് (ഒക്യുപൻസി - ഗോഡൗൺ) വസ്തു നികുതി കുറവായി അസസ്ചെയ്തതു മൂലം നഗരസഭക്ക് 3285/- രൂപയുടെ നഷ്ടം നഗരസഭക്ക് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| അസസ്മെന്റ് തിയ്യതി | : 28.05.2015 |
| നികുതി പ്രാബല്യത്തിൽ വന്ന തിയ്യതി | : 01.10.2014 |
| കെട്ടിട നമ്പർ | : XV/13/03 |
| പ്ലിന്ത് ഏരിയ | : 121.65 ച.മി |
| ഈടാക്കേണ്ട നികുതി | : 9854/- [121.65*70 – (10% ഇളവ്)] |
| ഈടാക്കിയ നികുതി | : 7664/- [121.65*90 – (10% ഇളവ്)] |
| കുറവ് | : 2190/- |

2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2015-16രണ്ടാം അർദ്ധ വർഷം വരെ വസ്തു നികുതി ഇനത്തിലെ ആകെ നഷ്ടം 3285/- രൂപ (2190*1.5) ലൈബ്രറി സെസ്സ് (5%), സർചാർജ് (10%) എന്നിവ സഹിതം ഈടാക്കേണ്ടതും, 2016-17 മുതലുള്ള ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.

## 2-4 മൊബൈൽ ടവറുകൾ വസ്തു നികുതി അടവാക്കുന്നില്ല; വൻ തുകയുടെ വരുമാന നഷ്ടം.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം മൊബൈൽ ടവറുകളും വസ്തു നികുതി അടവാക്കാത്തത് മൂലം നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടാവുന്നു. നഗരസഭ ലഭ്യമാക്കിയ രേഖകൾ പ്രകാരം നികുതി അടവാക്കാത്ത മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി | 2015- 16 രണ്ടാം അർദ്ധ വർഷം വരെയുള്ള കുടിശ്ശിക | അവസാനം വസ്തു നികുതി അടവാക്കിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 01 | 18/791/86-A | 5000 | 25000 | 2010-11 -II അർദ്ധ വർഷം |
| 02 | 8/57/1 | 6000 | 48000 | 2007-08 -II അർദ്ധ വർഷം |
| 03 | 6/287-A | 16250 | 48750 | 2012-13 -II അർദ്ധ വർഷം |
| 04 | 4/853/5 | 12500 | 93750 | 2008-09- I അർദ്ധ വർഷം |
| 05 | 6/356/11 | 12500 | 62500 | 2010-11 - I അർദ്ധ വർഷം |
| 06 | 4/866/7 | 10950 | 93075 | 2007-08- I അർദ്ധ വർഷം |
| 07 | 4/705/3 | 4500 | 13500 | 2012-13 -II അർദ്ധ വർഷം |
| 08 | 13/293/3 | 6500 | ----- | 2016-17 -II അർദ്ധ വർഷം |
| 09 | 14/108/1-A | 24000 | ---- | 2015-16 -II അർദ്ധ വർഷം |
| 10 | 14/108/2 | 12500 | 62500 | 2010-11 -II അർദ്ധ വർഷം |
| 11 | 22/365/10 | 6750 | 60750 | 2009-10 -II അർദ്ധ വർഷം |
| 12 | 22/353-A | 12750 | 51000 | 2011-12 -II അർദ്ധ വർഷം |
| 13 | 22/205/10 | 10000 | ----- | 2015-16 -II അർദ്ധ വർഷം |
| | | ആകെ | 5,58,825 | |

കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. കൂടാതെ മൊബൈൽ ടവറുകൾ വസ്തു നികുതി അടവാക്കാത്തത് മൂലമുണ്ടാവുന്ന വരുമാന നഷ്ടം നഗരസഭ കൗൺസിലിന്റേയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 വേക്കൻസി റെമിഷൻ; ഫീൽഡ് പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 239, 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 എന്നിവ പ്രകാരം ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.2015-16 സാമ്പത്തിക വർഷത്തിൽ മേൽ ഇനത്തിൽ നികുതി ഇളവ് നൽകിയതിന്റെയും, ആകെ വസ്തു നികുതിയേയും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വസ്തു നികുതി ഡിമാന്റ് | വേക്കൻസി റെമിഷൻ ഇനത്തിൽ ഒഴിവു നൽകിയത് | ശതമാനം |
|---|---|---|---|
| 2015-16 | 1,97,90,252 | 19,08,278 | 9.64 |

ഓരോ വർഷത്തിലും ഏകദേശം ആകെ വസ്തു നികുതി ഡിമാന്റിന്റെ 10% തുക വേക്കൻസി റെമിഷൻ ഇനത്തിൽ ഒഴിവു നൽകുന്നുണ്ട്. വേക്കൻസി റെമിഷൻ പ്രകാരം ഇളവ് നൽകിയ കെട്ടിടങ്ങൾ, ബന്ധപ്പെട്ട അർദ്ധ വർഷം മുഴുവൻ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധനയുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 സിനിമാ പ്രദർശനം: വിനോദ നികുതി-അവലോകനം.

2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകളിൽ നിന്നും വിനോദ നികുതി ഇനത്തിൽ മൊത്തം 12,903,732/- രൂപ ലഭിച്ചിട്ടുണ്ട്. മൊത്തം 7 എ ക്ലാസ് തിയ്യേറ്ററുകൾ പ്രവർത്തിക്കുന്ന നഗരസഭയിൽ, കാര്യക്ഷമമായ നികുതി പിരിവിലൂടെ ടി ഇനത്തിലുള്ള തനത് വരുമാനം ഉയർത്താമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ തിയ്യേറ്ററിന്റെയും സീറ്റിംഗ് കപ്പാസിറ്റി, ലഭിച്ച വിനോദ നികുതി, ഓരോ പ്രദർശനത്തിനും വിൽക്കുന്ന ശരാശരി ടിക്കറ്റുകളുടെ എണ്ണം, ഓരോ പ്രദർശനത്തിനും ഒഴിഞ്ഞു കിടക്കുന്ന ശരാശരി സീറ്റുകളുടെ എണ്ണം എന്നിവ സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

| ക്ര.ന | തീയേറ്ററിന്റെ പേര് | വിനോദ നികുതി ഇനത്തിൽ ലഭിച്ച തുക | ആകെ സീറ്റിംഗ് കപ്പാസിറ്റി | ഓരോ പ്രദർശനത്തിനും വിൽക്കുന്ന ശരാശരി ടിക്കറ്റുകളുടെ എണ്ണം | ഓരോ പ്രദർശനത്തിനും ഒഴിഞ്ഞു കിടക്കുന്ന ശരാശരി സീറ്റുകളുടെ എണ്ണം/ ശതമാനം |
|---|---|---|---|---|---|
| 01 | വിസ്മയ സിനിമാസ്-സ്ക്രീൻ I-മൾട്ടി പ്ലെക്സ് | 1910610 | 151 | 67 | 84 (56%) |
| 02 | വിസ്മയ സിനിമാസ്-സ്ക്രീൻ II-മൾട്ടി പ്ലെക്സ് | 1224750 | 111 | 43 | 68 (61%) |
| 03 | വിസ്മയ സിനിമാസ്-സ്ക്രീൻ III-മൾട്ടി പ്ലെക്സ് | 3724240 | 230 | 130 | 100 (43%) |
| 04 | വിസ്മയ സിനിമാസ്-സ്ക്രീൻ I-മൾട്ടി പ്ലെക്സ് | 2563810 | 198 | 90 | 108 (55%) |
| 05 | കെ.സി. മൂവീസ് -മൾട്ടി പ്ലെക്സ് | 2456722 | 449 (161+288) | 86 (13+73) | 363 (81%) |
| 06 | കെ.സി. നിയോൺ | 751180 | 151 | 26 | 125 (83%) |

| | | | | | |
|---|---|---|---|---|---|
| | മൂവീസ് -മൾട്ടി പ്ലെക്സ് | | | | |
| 07 | സവിത | 296474 | 588 | 21 | 567 (96%) |

*കുറിപ്പ്:*

*2015-16 സാമ്പത്തിക വർഷത്തിൽ ഓരോ തീയേറ്ററും അടവാക്കിയ വിനോദ നികുതി- വർഷത്തിൽ ഏകദേശം 350 ദിവസങ്ങളിൽ പ്രദർശനം- ഓരോ ദിവസവും 5 പ്രദർശനം എന്നിങ്ങനെ കണക്കാക്കിയാണ് ശരാശരി ടിക്കറ്റുകളുടെ വിവരം ചേർത്തിട്ടുള്ളത്.*

സിനിമ റിലീസുകളുള്ള മൾട്ടി പ്ലെക്സ് ഉൾപ്പടെയുള്ള മേൽ തിയ്യേറ്ററുകളിൽ ശരാശരി 61% മുതൽ 96% വരെ സീറ്റുകൾ ഓരേ പ്രദർശനത്തിനും ഒഴിഞ്ഞു കിടക്കുകയാണെന്ന കണക്കുകൾ വിശ്വസനീയമല്ല. രേഖൾ പരിശോധിച്ചതിൽ തിയ്യറ്റർ ചെക്കിംഗ് കാര്യക്ഷമമല്ലെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. തീയ്യേറ്ററുകളുടെ എണ്ണത്തിന്ന് ആനുപാതികമായി ജീവനക്കാരില്ലാത്തതുമൂലം മെച്ചപ്പെട്ട രീതിയിൽ തിയ്യറ്റർ ചെക്കിംഗ് നടത്താൻ കഴിയുന്നില്ലെന്ന് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു.

സംസ്ഥാനത്ത് തിയ്യറ്ററുകളിൽ നിന്നുള്ള വിനോദ നികുതി സംബന്ധിച്ച പരാതികളിൻമേൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ പല തിയ്യറ്ററുകളും നൽകുന്ന ഡെയലി കളക്ഷൻ റിപ്പോർട്ടുകൾ തെറ്റാണെന്ന് കണ്ടെത്തിയിരുന്നു. മേൽ സാഹചര്യത്തിൽ തിയ്യറ്ററുകളിൽ വിൽക്കപ്പെടുന്ന മുഴുവൻ ടിക്കറ്റുകളിൽ നിന്നും വിനോദ നികുതി നഗരസഭക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല. നഗരസഭക്ക് 19450 രൂപ നഷ്ടം

ജീവനക്കാരിൽ നിന്ന് അവരുടെ അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ നഗരസഭക്ക് 19450 രൂപ നഷ്ടമായി. ഈടാക്കിയതിൽ കുറവ് വന്ന തുക പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കണമെന്ന് കാണിച്ച് 11/17.1.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനം. മൗലാന ഹോസ്പിറ്റൽ

| പേര് | തസ്തിക | അർദ്ധ വാർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| അബ്ദുൽ അസീസ് | ഓട്ടോക്ലേവ് അസിസ്റ്റന്റ് | 75310 | 750 | 600 | 150 |
| ഐശ്വര്യ. പി | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| അജിത.കെ | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| അലവി.സി | അപ്ഹോളിസ്റ്റെറിസ്റ്റ് | 76448 | ,, | ,, | 150 |

| | | | | | |
|---|---|---|---|---|---|
| അലി അക്ബർ.കെ | ഐ.സി.യു ടെക്നീഷ്യൻ | 80864 | ,, | ,, | 150 |
| അനീഷ്യ സെബാസ്റ്റ്യൻ | സ്റ്റാഫ് നഴ്സ് | 75536 | ,, | ,, | 150 |
| അനിൽ കുമാർ.കെ | റേഡിയോ ഗ്രാഫർ | 78830 | ,, | ,, | 150 |
| ആന്റണി .കെ.പി | ഹൗസ് കീപീങ് ഇൻ ചാർജ് | 128180 | 1250 | 1000 | 250 |
| അശോക വർമ്മ | മാർക്കറ്റിങ് ഓഫീസർ | 75830 | 750 | 600 | 150 |
| ആസ്യ. ടി | ടൈപിസ്റ്റ് | 102662 | 1000 | 750 | 250 |
| അശ്വതി ശശി | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ആതിര മോഹൻ | ,, | ,, | 750 | 600 | 150 |
| ആയിഷ.കെ.ടി | നഴ്സിങ് എയ്ഡ് | 81704 | 750 | 600 | 150 |
| ആയിഷ.കെ.കെ | ,, | 75044 | 750 | 600 | 150 |
| ആയിഷമ്മ. | ഓട്ടോക്ലേവ് അസിസ്റ്റന്റ് | 78872 | 750 | 600 | 150 |
| ബിന്ദു.ടി.എം | നഴ്സിങ് എയ്ഡ് | 76022 | 750 | 600 | 150 |
| ബിഷ ബാബു | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ദീപ്തി | ,, | 75536 | 750 | 600 | 150 |
| ദേവകി.കെ | സെക്യൂരിറ്റി ഗാർഡ് | 75730 | 750 | 600 | 150 |
| ദമയന്തി.ഇ | റിസപ്ഷനിസ്റ്റ് | 102182 | 1000 | 750 | 250 |
| ദിവ്യമോൾ . പി.എസ് | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ഫൈസൽ. ടി | മാർക്കറ്റിങ് ഓഫീസർ | 75830 | 750 | 600 | 150 |
| ഫാത്തിമ സുഹറ. കെ | റിസപ്ഷനിസ്റ്റ് | 101522 | 1000 | 750 | 250 |
| ജെമിനി. പി. എസ് | ലാബ് ടെക്നീഷ്യൻ | 86396 | 750 | 600 | 150 |
| ഹാജറുമ്മ | നഴ്സിങ് എയ്ഡ് | 103178 | 1000 | 750 | 250 |
| ഹെൽഡിന ഗ്രേസ്. സി.പി | ഹൗസ് കീപ്പിങ് സ്റ്റാഫ് | 77060 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| ഹേമലത രാജേന്ദ്രൻ | അക്കൗണ്ടന്റ് | 75524 | 750 | 600 | 150 |
| ജമാൽ ഹാഷിം | NABH കോ-ഓർഡിനേറ്റർ | 94316 | 750 | 600 | 150 |
| ജസീല. വി.യു | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ജാസ്മിൻ ജോർജ് | ,, | 76742 | 750 | 600 | 150 |
| ജയതിലകൻ. സി | കസ്റ്റമർ റിലേഷൻ സൂപ്പർവൈസർ | 76942 | 750 | 600 | 150 |
| ജെസ്സി.ബി.ജെൺ | നഴ്സിങ് എയ്ഡ് | 101666 | 1000 | 750 | 250 |
| ജിഷ വർഗ്ഗീസ് | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ജോയ്മോൻ. പി.ടി | റേഡിയോഗ്രാഫർ | 133886 | 1250 | 1000 | 250 |
| ജ്യോതി.വി | വാർഡ് സെക്രട്ടറി | 77804 | 750 | 600 | 150 |
| കദീജ.കെടി | സെക്യൂരിറ്റി ഗാർഡ് | 76430 | 750 | 600 | 150 |
| കദീജ.കെ | പേഷ്യന്റ് ഗൈഡ് | 79460 | 750 | 600 | 150 |
| കൗലത്ത് | ലാബ് അസിസ്റ്റന്റ് | 83546 | 750 | 600 | 150 |
| കേശവൻ കെ | ഡ്രൈവർ | 82466 | 750 | 600 | 150 |
| കോമളവല്ലി | ഹൗസ് കീപ്പിങ് സ്റ്റാഫ് | 77060 | 750 | 600 | 150 |
| ലക്ഷ്മി ഷൈൻ | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| ലിജി മാത്യു | ഡയറ്റീഷ്യൻ | 127796 | 1250 | 750 | 500 |
| ലിസി സേവ്യർ | നഴ്സിങ് എയ്ഡ് | 106178 | 1000 | 750 | 250 |
| ലുക്മാനൽ ഹക്കീം. പി | പെയിന്റിങ് ഹെൽപർ | 79448 | 750 | 600 | 150 |
| മേരിക്കുട്ടി തോമസ് | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| മിന്റു മാത്യു | ,, | 76742 | 750 | 600 | 150 |
| മുഹമ്മദ് ഇഖ്ബാൽ.കെ | ഫോട്ടോഗ്രാഫർ | 82994 | 750 | 600 | 150 |
| മുംതാസ്.കെ | കാഷ്യർ | 78508 | 750 | 600 | 150 |
| നബീസ.കെ | ഹൗസ് കീപ്പിങ് സ്റ്റാഫ് | 77060 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| ഷിയ ബഷീർ | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| നളിനി.ഇ | സ്റ്റോർ ഇൻ ചാർജ് | 102176 | 1000 | 750 | 250 |
| നളിനി.എം | ഓട്ടോക്ലേവ് അസിസ്റ്റന്റ് | 77060 | 750 | 600 | 150 |
| നന്ദകുമാരൻ.കെ | ഹൗസ് കീപ്പിങ് സൂപ്പർവൈസർ | 76058 | 750 | 600 | 150 |
| നാരായണൻ. എൻ.ടി | അറ്റന്റർ | 78272 | 750 | 600 | 150 |
| നീതു.എസ്.സുരേന്ദ്രൻ | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| നിഥില.പി | ,, | 75536 | 750 | 600 | 150 |
| നിർമ്മല. പി | ഓട്ടോക്ലേവ് അസിസ്റ്റന്റ് | 79872 | 750 | 600 | 150 |
| നിവ്യ.യു | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| പാത്തുമ്മ സൂറ | നഴ്സിങ് എയ്ഡ് | 78420 | 750 | 600 | 150 |
| പ്രജിത.കെ | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| പ്രവീണ.എ | ഡയബറ്റിസ് എഡ്യുക്കേറ്റർ | 122510 | 1000 | 750 | 250 |
| പ്രേമലത.പി | പേഷ്യന്റ് ഗൈഡ് | 76406 | 750 | 600 | 150 |
| പ്രിൻസി വർഗ്ഗീസ് | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| റഹ്മത്ത്.കെ.ടി | നഴ്സിങ് എയ്ഡ് | 75900 | 750 | 600 | 150 |
| ക്രമ നമ്പർ 334 (പേര് വ്യക്തമല്ല) | ,, | 78770 | 750 | 600 | 150 |
| രാമചന്ദ്രൻ. പി | പി.ആർ.ഒ | 93686 | 750 | 600 | 150 |
| റാണി എബ്രഹാം | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| രഷ്മി രാജു | ,, | 76742 | 750 | 600 | 150 |
| രസ്ന മോൾ. സി.ആർ | ,, | 75536 | 750 | 600 | 150 |
| രമ്യ.കെ | ,, | 80036 | 750 | 600 | 150 |
| രമ്യ.പി.എസ് | ,, | 75536 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| റിൽന ജോൺ | ,, | 75536 | 750 | 600 | 150 |
| സെബി മോൾ ജോസഫ് | ,, | 76742 | 750 | 600 | 150 |
| ഷൈലജ ദാസ് | പി.ആർ.ഒ | 76444 | 750 | 600 | 150 |
| സജീന.എം | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| സജീവ്. എം.പി | കസ്റ്റമർ റിലേഷൻ സൂപ്പർവൈസർ | 76942 | 750 | 600 | 150 |
| സജിന മാത്യു | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| സലീന.പി | നഴ്സിങ് എയ്ഡ് | 77720 | 750 | 600 | 150 |
| സനിത.പി | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ശാന്ത.എ | ഹൗസ് കീപ്പിങ് സ്റ്റാഫ് | 76496 | 750 | 600 | 150 |
| ശാന്ത.സി | നഴ്സിങ് എയ്ഡ് | 78770 | 750 | 600 | 150 |
| സന്തോഷ്.സി.സി | മാർക്കറ്റിങ് ഓഫീസർ | 75830 | 750 | 600 | 150 |
| സരിത.പി.ശശികുമാർ | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| സരോജിനി.പി | ഹൗസ് കീപ്പിങ് സ്റ്റാഫ് | 77060 | 750 | 600 | 150 |
| സീനത്ത്.പി | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ഷൈറാബാനു | നഴ്സിങ് എയ്ഡ് | 75860 | 750 | 600 | 150 |
| ഷാജി.ടി | ഫ്ലോർ മാനേജർ | 136670 | 1250 | 1000 | 250 |
| ഷീജ അനിൽ | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| ഷെബിൻ ജോബി | ,, | 76742 | 750 | 600 | 150 |
| ഷിന്റു തോമസ് | ,, | 76742 | 750 | 600 | 150 |
| സിജി ജോർജ് | ,, | 75536 | 750 | 600 | 150 |
| സിജുമോൾ . കെ. ജോസഫ് | ,, | 76742 | 750 | 600 | 150 |
| സിജോ പയസ് | ന്യൂറോ ടെക്നോളജിസ്റ്റ് | 123680 | 1000 | 750 | 250 |

| | | | | | |
|---|---|---|---|---|---|
| സിന്ദു.സി | നഴ്സിങ് എയ്ഡ് | 78420 | 750 | 600 | 150 |
| സോണിയ ബോബി | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| സോണി മോൾ. കെ.എസ് | ,, | 76742 | 750 | 600 | 150 |
| സൗമ്യ ജോസഫ് | ,, | 76742 | 750 | 600 | 150 |
| സുറാക്കത്ത് ഹസ്സൻ | പബ്ലിക്ക് റിലേഷൻ അസിസ്റ്റന്റ് | 77348 | 750 | 600 | 150 |
| സുരേഷ്.എസ് | കാത്ത് ലാബ് ടെക്നീഷ്യൻ | 129140 | 1250 | 1000 | 250 |
| സുരേഷ് കുമാർ.പി | കസ്റ്റമർ റിലേഷൻ സൂപ്പർവൈസർ | 77318 | 750 | 600 | 150 |
| സൂര്യ. കെ.ജെ | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| തങ്ക.പി | നഴ്സീങ് എയ്ഡ് | 75044 | 750 | 600 | 150 |
| ത്രേസ്സ്യ.ടി.എ | നഴ്സീങ് സൂപ്പർവൈസർ | 103034 | 1000 | 750 | 250 |
| ടിനു.എം. കുര്യാകോസ് | സ്റ്റാഫ് നഴ്സ് | 76742 | 750 | 600 | 150 |
| വിജയ ലക്ഷമി | ഓട്ടോക്ലേവ് അസിസ്റ്റന്റ് | 79872 | 750 | 600 | 150 |
| വിനീത ലക്ഷമി | സ്റ്റാഫ് നഴ്സ് | 75536 | 750 | 600 | 150 |
| വിനിത.സി | റിസപ്ഷനിസ്റ്റ് | 80546 | 750 | 600 | 150 |
| സൈനുദ്ധീൻ.പി | അറ്റന്റർ | 78272 | 750 | 600 | 150 |
| ആകെ | | | | | 17950 |

| പേര്, സ്ഥാപനം | സ്ഥാപനം | തസ്തിക | അർദ്ധ വാർഷ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| അബ്ദുൽ റസാഖ്. | മലബാർ പ്രഷ്യസ് ജൂവൽസ് | സീനിയർ സെയിൽസ് എക്സിക്യൂട്ടീവ് | 78164 | 750 | 600 | 150 |
| ജിതിൻ.എം | ,, | ,, | 75781 | 750 | 600 | 150 |
| കൃഷ്ണദാസ്.കെ | കേരള | ഓഫീസ് | 113532 | 1000 | 750 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | ഗ്രാമീൺ ബാങ്ക് | അറ്റന്റർ | | | | |
| പ്രഷോഭ്.പി | (CINE TECHNICAL INSTITUTE) | ഇൻസ്ട്രക്റ്റർ | 61000 | 600 | 450 | 150 |
| യഹ്ക്കുബ്.ഇ | ,, | ,, | ,, | ,, | ,, | 150 |
| രേഖ.പി | ,, | ,, | ,, | ,, | ,, | 150 |
| അനീസ് ബാബു .വി | AMUPസ്കൂൾ കുന്നപ്പള്ളി | അറബിക് | 169578 | 1250 | 1000 | 250 |
| മനോജ്. പി ലാസ്കർ. | മണ്ണ് സംരക്ഷണ ഓഫീസ് | ലാസ്കർ | 146780 | 1250 | 1000 | 250 |
| ആകെ | | | | | | 1500 |

## 2-8 <u>തൊഴിൽ നികുതി പിരിവ് അപാകതകൾ</u>

1. നഗരസഭയിലെ CLR/ Substitute Workers,. CLR Daily wages workers ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

നഗരസഭയിൽ CLR/ Substitute Workers ആയി ഓഡിറ്റ് കാലയളവിൽ 10 പേരും, CLR Daily wages workers ആയി 16 പേരും ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടിയാളുകളിൽ നിന്നും വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പെരിന്തൽമണ്ണ വില്ലേജ് ഓഫീസ്, പാതായ്ക്കര വില്ലേജ് ഓഫീസ് എന്നീ സർക്കാർ ഓഫീസുകളിലെയും, വിവിധ സഹകരണ ബാങ്കുകൾ മറ്റു സഹകരണ സ്ഥാപനങ്ങൾ , പൊതുമേഖല ബാങ്കുകൾ എന്നിവിടങ്ങളിലെയും ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഫീസ് | അർദ്ധ വർഷം |
|---|---|
| DYSPഓഫീസ് പെരിന്തൽമണ്ണ | രണ്ടാം അർദ്ധ വർഷം |
| ബസാർ പോസ്റ്റ് ഓഫീസ് | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| വില്ലേജ് ഓഫീസ് പാതായ്ക്കര | ,, |
| വില്ലേജ് ഓഫീസ് പെരിന്തൽമണ്ണ | ,, |
| അഗ്രീകൾച്ചറൽ ഡെവലപ്മെന്റ് ഓഫീസ് | ,, |
| കോർപറേഷൻ ബാങ്ക് | ,, |

| | |
|---|---|
| ഐ.സി.ഡി.പി സബ്സെന്റർ | ,, |
| ബ്രാഞ്ച് പോസ്റ്റോഫീസ്. എരവിമംഗലം | ,, |
| ഒറിയന്റൽ ഇൻഷൂറൻസ് കമ്പനി | ,, |
| ജലനിധി | രണ്ടാം അർദ്ധ വർഷം |
| കനറാ ബാങ്ക്. പെതിന്തൽമണ്ണ | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| കെ.എസ്.ആർ.ടി.സി പെരിന്തൽമണ്ണ | ,,1 |
| ഐ.സി.ഐ.സി.ഐ ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| പട്ടികജാതി സർവ്വീസ് സഹകരണ സംഘം. പെരിന്തൽമണ്ണ | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| ആക്സിസ് ബാങ്ക്. പെരിന്തൽമണ്ണ | രണ്ടാം അർദ്ധ വർഷം |
| സപ്ലൈകോ പീപ്പിൾ ബസാർ. പെരിന്തൽമണ്ണ | ,, |
| വി.കെ കൃഷ്ണമേനോൻ സ്മാരക ലൈബ്രറി | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| MDC ബാങ്ക് പെരിന്തൽമണ്ണ | രണ്ടാം അർദ്ധ വർഷം |

3. നഗരസഭ പരിധിയിലെ അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ധൻമാർ എന്നിവരിൽ നിന്ന് 1250രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച വിഭാഗങ്ങളിൽ ഉൾപെടുന്ന ഏതാനും ചിലരെ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപെടുത്തിയിട്ടുള്ളത്. നഗരസഭാ പരിധിയിൽ ജോലി ചെയ്യുന്ന മുഴുവൻ അഭിഭാഷകരെയും, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, വൈദ്യന്മാർ എന്നിവരെയെല്ലാം ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതും അവരിൽ നിന്നെല്ലാം വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

4.മേൽ പരാമർശിച്ചവ കൂടാതെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ധാരാളം സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി പിരിച്ചെടുക്കാനുണ്ട്. നഗരസഭ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി നികുതി പിരിച്ചെടുക്കാൻ

നടപടി സ്വീകരിച്ചിട്ടില്ല.

5. പെരിന്തൽമണ്ണ PTM ഗവ: കോളേജിലെ 8 ഗസ്റ്റ് ലക്ചറർമാരുടെ അർദ്ധ വർഷ വേതനമായി 124999 രൂപ കാണിച്ച് 1000 വീതവും, രണ്ട് പേരുടെ വേതനമായി 99999 രൂപ കാണിച്ച് 750 രൂപ വീതവും, മൂന്ന് പേരുടെ വേതനമായി 74999 രൂപ കാണിച്ച് 600 രൂപ വീതവും തൊഴിൽ നികുതി (രണ്ടാം അർദ്ധ വർഷം) ഈടാക്കിയിരിക്കുന്നു. ലഭ്യമാക്കിയ പത്രികയിൽ ആകെ വേതനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോളേജിൽ നിന്ന് വിശദാംശങ്ങൾ ശേഖരിച്ച് അർഹമായ തൊഴിൽ നികുതി തന്നെയാണ് അടവാക്കിയതെന്ന് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ 7236527 പിരിച്ചെടുക്കാനുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ തുക ആരിൽ നിന്നാണ്, ഏത് വർഷങ്ങളിലേതാണ്, ഇത് യഥാർത്ഥത്തിൽ പിരിഞ്ഞ്കിട്ടാനുള്ളത് തന്നെയാണെന്നോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തി തെറ്റായ തുകയാണെങ്കിൽ ആയത് വാർഷിക കണക്കിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

7. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. നഗരസഭയുടെ 4.79 കോടി രൂപ ലാപ്സായി

നഗരസഭക്ക് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ആകെ ലഭിച്ച 13.52 കോടി രൂപയിൽ 4.79കോടിരൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ നഗരസഭക്ക് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ മാത്രം മുൻ ബാക്കി ഉൾപെടെ 13.52 കോടി രൂപയുടെ വരവുണ്ടെന്നിരിക്കെ തനത് ഫണ്ട് 23.10 ലക്ഷം രൂപ ഉൾപെടെ ആകെ 10.65കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നഗരസഭ തയ്യാറാക്കിയത് എന്നത് ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. 10.65 കോടി രൂപയുടെ പ്രൊജക്ട് തയ്യാറാക്കിയതിൽ 8.89 കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ വാർഡ് സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ വാർഡ് സഭകളിൽ നിന്നും, നഗരസഭയുടെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത്

ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ഉൾപെടെ ആക വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 55289959 | 32689931 | 22600028 |
| വികസനഫണ്ട് എസ്.സി.പി. | 19411604 | 12462352 | 6949252 |
| സംരക്ഷണഗ്രാന്റ് റോഡ് | 11299125 | 10875995 | 423130 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 11349857 | 9698729 | 1651128 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30813733 | 14605116 | 16208617 |
| പെർഫോമൻസ് ഗ്രാന്റ് | 6989099 | 6933301 | 55798 |
| ആകെ | 135153377 | 87265424 | 47887953 |

## 3-2 <u>ഭവന നിർമ്മാണ പദ്ധതിക്കായി ആനുകൂല്യം കൈപ്പറ്റി- വീട് പണി പൂർത്തീകരിച്ചില്ല</u>

നിർവഹണം പ്രോജെക്റ്റ് ഓഫീസർ -യു പി എയു

1 ഭവനനിർമ്മാണം- എസ് സി വനിത

പ്രോജെക്റ്റ് നംമ്പർ-165/13, 277/14,114/15, 149/16

അടങ്കൽ-200000

| ക്രമനംമ്പർ | പേര് | ആകെ കൈപ്പറ്റിയ തുക | കൈപ്പറ്റിയ ഗഡുക്കൾ |
|---|---|---|---|
| 1 | കാളിക്കുട്ടി കോലാത്ത് | 180000 | ഒന്നു മുതൽ നാലു വരെ |
| 2 | ശോഭന ശശികുമാർ അമ്പലപ്പറമ്പിൽ | 20000 | ആദ്യഗഡു മാത്രം |
| 3 | അനിത മണികണ്ഠൻ അവനൂർ | 140000 | ഒന്ന് മുതൽ മൂന്ന് വരെ |

2 ഭവനനിർമ്മാണം ജനറൽ

പ്രോജെക്റ്റ് നംമ്പർ-306/14,115/15,SO159/16

അടങ്കൽ-200000

ആകെ 185 ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 58 പേർ മുൻകൂർ കൈപറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല.

29 പേർ (180000വീതം)

12 പേർ (140000വീതം
9 പേർ (80000 വീതം)

8 പേർ (20000വീതം)

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ആശ്രയ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല- രണ്ടാം ഘട്ട പദ്ധതി നടപ്പാക്കിയില്ല

2013-14,14-15 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ 14581644 രൂപ വകയിരുത്തിയ ആശ്രയ പ്രോജെക്ട്(2010-13)

ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതിനുശേഷം തുടർസേവനമായി ഭക്ഷണവിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്.

അംഗീകൃത പ്രോജെക്ട് പ്രകാരം 2012-13 ൽ പൂർത്തീകരിക്കേണ്ട പദ്ധതി 2016-17 വർഷത്തിലും പ്രോജക്ടിൽ ഉദ്ദേശിച്ച ലക്ഷ്യം പകുതി പോലും കൈവരിച്ചിട്ടില്ല. പദ്ധതിക്കു കീഴിൽ ഇന്നേവരെ ചെയ്ത സേവനങ്ങൾ ചുവടെ ചേർക്കുന്നു.

| സേവനങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| അനുപൂരകപോഷകാഹാരം | 196 | 788341 |
| വസ്ത്രം | 196 | 38300 |

പ്രോജെക്ടിൽ വിഭാവനം ചെയ്ത സ്ഥലം,വീട് റിപ്പയർ, കുടിവെള്ളം, കക്കൂസ്, ചികിത്സ, വിദ്യാഭ്യാസം, തൊഴിൽ സംരംഭം തുടങ്ങിയവയൊന്നും ഇതുവരെ പ്രദാനം ചെയ്തിട്ടില്ല.പദ്ധതി ഒരു പരാജയമായി നിലകൊള്ളുന്നു. ചലഞ്ച് ഫണ്ടിനത്തിൽ 1500000

രൂപയും പദ്ധതിവിഹിതമായി 1149133 രൂപയും ലഭിച്ചിട്ടുണ്ട്.

സമൂഹത്തിലെ നിരാലംബരും അശരണരുമായ വ്യക്തികളെ മുഖ്യധാരയിലെത്തിക്കാനുള്ള പദ്ധതിയുടെ രണ്ടാംഘട്ടം

നടപ്പാക്കിയില്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 3-4 വിദ്യാദീപം പദ്ധതി പ്രൊജക്റ്റിന് വിരുദ്ധമായി ചെലവ് ചെയ്തു

പ്രോജെക്ട് നമ്പർ SOO14/16 വിദ്യാദീപം(എസ് സി എസ് ടി വിദ്യാർത്ഥികൾക്ക്) പദ്ധതിക്കായി എസ് സി പി വികസനഫണ്ട് 800000 രൂപ വകയിരുത്തിയതിൽ

700000 രൂപ പഠനോപകരണങ്ങൾ വാങ്ങുന്നതിനും 100000

രൂപ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കോച്ചിംഗ് ക്ലാസ്സ്

നൽകുന്നതിനുമായിരുന്നു. ബില്ലുകൾ പ്രകാരം 800000 രൂപ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം

ചെലവഴിച്ചിട്ടുണ്ട്.

നിർവഹണഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

| ബിൽ നംബർ/തീയതി | തുക | വിവരണം |
|---|---|---|
| 1/15-16 /29-10-15 | 749933 | സിഡ്കോയിൽ നിന്നും മേശയും കസേരയും (233വീതം)<br>മേശ ഒന്നിന് 2351+14.5% വാറ്റ്<br>ഫൈബർ കസേരയ്ക്ക്460+14.5% വാറ്റ് .തുക നൽകിയില്ല.<br>സിഡ്കോയുടെ 5-10-15 (58 മേശ 58 കസേര)186679 രൂപയുടെയും അതേ തീയതി തന്നെ563254<br>രൂപയുടെയും ബില്ലുകൾ(175 മേശ 175 കസേര എന്നിവയ്ക്ക്) |
| 5/15-16/ 15-3-16 | 50067 | ജിഎച്ച്എസ് എസ്<br>പെരിന്തൽമണ്ണ,ജിജിഎച്ച്എസ് പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ വെച്ച് കോച്ചിംഗ് നൽകിയതിന് ലഘു ഭക്ഷണ ചെലവ് |
| ആകെ | 800000 | |

അപാകതകൾ

1 പ്രോജെക്ട് പ്രകാരം 700000 രൂപയാണ് പഠനോപകരണങ്ങൾക്ക് വകയിരുത്തിയത്. എന്നാൽ ഇതിലേക്കായി 749933 രൂപ ചെലവഴിച്ചിട്ടുണ്ട്.പ്രോജെക്ടിൽ അധികരിച്ച ചെലവ് ചെയ്ത49933 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2 സിഡ്കോയുമായി കരാർ ഉടമ്പടി വച്ചിട്ടില്ല.

